ഓപ്പൺ സർവ്വകലാശാലയുടെ കോഴ്സുകൾക്ക് യു.ജി.സി. അംഗീകാരം നേടുന്നതിന് കാലതാമസം ഉണ്ടാകുന്ന സാഹചര്യത്തിൽ അത്തരം കോഴ്സുകൾക്ക് പ്രവേശനം നേടുന്ന വിദ്യാർത്ഥികൾക്ക് അസൗകര്യം ഉണ്ടാകാതിരിക്കുന്നതിനായി നിലവിൽ വിദൂര/പ്രൈവറ്റ് രജിസ്ട്രേഷനുകളിൽ കോഴ്സുകൾ നടത്തുന്ന സർവ്വകലാശാലകളിൽതന്നെ കോഴ്സുകൾ തുടർന്ന് നടത്തുന്നതിനുതകുന്ന വിധത്തിൽ നിയമപരമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

കടുത്തുരുത്തി കേന്ദ്രീയ വിദ്യാലയത്തിനുള്ള സ്ഥലം പരിവർത്തനം

1 (986) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി കേന്ദ്രീയ വിദ്യാലയത്തിന് സ്ഥലം വിട്ടുനൽകിയെങ്കിലും കെട്ടിട നിർമ്മാണത്തിന് ഭൂമി പരിവർത്തനം നടത്തുന്നതിനുവേണ്ടിയുള്ള ഫയൽ കൃഷി വകുപ്പിൽ കഴിഞ്ഞ മൂന്ന് വർഷമായി തീരുമാനമാകാതെ കിടക്കുന്നതിനാൽ കേന്ദ്രീയ വിദ്യാലയം കേരളത്തിന് നഷ്ടപ്പെടുന്ന സ്ഥിതിവിശേഷമാണുള്ളത് എന്നതിനാൽ പ്രസ്തുത ഫയലിൽ അടിയന്തരമായി തീരുമാനം കൈക്കൊള്ളുമോ;

(ബി) അഗ്രി എൻ.സി.എ. സെക്ഷനിൽ മാസങ്ങളായി സ്റ്റേറ്റ് ലെവൽ സെലക്ഷൻ കമ്മിറ്റി വിളിച്ചുകൂട്ടാത്തതുകാരണം സംസ്ഥാനത്തെ ഒരു കേന്ദ്രീയ വിദ്യാലയം നഷ്ടപ്പെടുന്ന സാഹചര്യം ഇല്ലാതാക്കാൻ കൃഷി വകുപ്പിന്റെ ഭാഗത്തുനിന്നും അടിയന്തര പരിഹാരം കണ്ടെത്തുമോ;

&

(സി) ഇതുസംബന്ധിച്ച് ബഹു. കൃഷി വകുപ്പുമന്ത്രിക്ക് ഫയൽ നമ്പർ NCA 2/67/2019-ൽ അടിയന്തര തീരുമാനം കൈക്കൊള്ളണമെന്ന് കാണിച്ച് 9-6-2021-ൽ നൽകിയ കത്തിന്മേൽ എന്ത് തീരുമാനം കൈക്കൊണ്ടു എന്ന് വ്യക്തമാക്കാമോ?

കടുത്തുരുത്തി കേന്ദ്രീയ വിദ്യാലയത്തിന് കെട്ടിടം നിർമ്മിക്കുന്നതിന് നിലം പരിവർത്തനപ്പെടുത്താൻ 29-10-2019-ൽ കടുത്തുരുത്തി പ്രാദേശികതല നിരീക്ഷണ സമിതി സംസ്ഥാനതല സമിതി മുമ്പാകെ സമർപ്പിച്ച പ്രൊപ്പോസൽ 02-11-2019-ൽ ലഭ്യമായിരുന്നു. തുടർന്ന് അപേക്ഷയിൽ സൂചിപ്പിച്ച സ്ഥലം

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനതല സമിതിയിലെ വിദഗ്ധ അംഗം സ്ഥലപരിശോധന നടത്തി സമർപ്പിച്ച റിപ്പോർട്ട് 19-3-2020-ൽ കൂടിയ സംസ്ഥാനതല സമിതി വിശദമായി പരിശോധിക്കുകയും ജില്ലാ കളക്ടറോട് ടി വിഷയത്തിൽ റിപ്പോർട്ട് ആവശ്യപ്പെടുകയുമുണ്ടായി. പ്രസ്തുത പ്രൊപ്പോസൽ 16-7-2021-ൽ കൂടിയ സംസ്ഥാനതല സമിതി പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

പമ്പിംഗ് സബ്സിഡി

2 (987) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോൾ നിലങ്ങളിലെ വെള്ളം വറ്റിക്കുന്നതിനും മറ്റുമായി നൽകുന്ന പമ്പിംഗ് സബ്സിഡിയുടെ നിരക്ക് എത്രയാണെന്ന് വ്യക്തമാക്കുമോ?

പുഞ്ച കൃഷിയ്ക്ക് ഒരേക്കറിന് 1,800 രൂപയും മുണ്ടകൻ കൃഷിക്ക് ഒരേക്കറിന് 1,200 രൂപയുമാണ് നിലവിലെ പമ്പിംഗ് സബ്സിഡി നിരക്ക്.

(ബി) പമ്പിംഗ് സബ്സിഡി ഇനത്തിൽ തൃശ്ശൂർ ജില്ലയിൽ കുടിശ്ശിക നിലവിലുണ്ടോ; ഉണ്ടെങ്കിൽ കുടിശ്ശിക തുക എത്രയാണെന്ന് അറിയിക്കുമോ?

239.0353 ലക്ഷം രൂപയുടെ സബ്സിഡി തുക കുടിശ്ശികയുണ്ട്.

(സി) മണലൂർ മണ്ഡലത്തിലെ ഏതെങ്കിലും പാടശേഖരങ്ങൾക്ക് പ്രസ്തുത ഇനത്തിൽ കുടിശ്ശികയുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. ചില പാടശേഖരങ്ങൾ ഒന്നിൽ കൂടുതൽ നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്നതിനാൽ പാടശേഖരങ്ങളെ നിയോജകമണ്ഡലാടിസ്ഥാനത്തിൽ തരംതിരിക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ട് നേരിടുന്നു. മണലൂർ നിയോജകമണ്ഡലത്തിന്റെ കീഴിൽ വരുന്ന പാടശേഖരങ്ങളുടെ ഏകദേശ കണക്ക് താഴെ ചേർക്കുന്നു.

വർഷം	തുക (ലക്ഷത്തിൽ)
2018-19	11.13882
2019-20	13.87095
2020-21	42.04477
ആകെ	67.05454